©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram,<br>Saturday<br>തിരുവനന്തപുരം,<br>ശനി | 28th November 2009<br>2009 നവംബർ 28<br>7th Agrahayana 1931<br>1931 അഗ്രഹായനം 7 | No.<br>നമ്പർ 2208 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 229/09/തസ്വഭവ. *തിരുവനന്തപുരം, 2009 നവംബർ 28.*

എസ്. ആർ. ഒ. നമ്പർ 1014/2009.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 6-ാം വകുപ്പും ഇൻഡ്യൻ ഭരണഘടനയുടെ 243റ്റി അനുച്ഛേദവും കൂട്ടി വായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2005 ഏപ്രിൽ 12-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 97/2005/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2005 ഏപ്രിൽ 12-ാം തീയതിയിലെ 758-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 357/2005 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും, 2005 ആഗസ്റ്റ് 9-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 232/05/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2005 ആഗസ്റ്റ് 9-ാം തീയതിയിലെ 1787-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 767/2005 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെയും ഭാഗികമായി അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, താഴെ പറയുന്ന പട്ടികയിൽ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിലെയും മുനിസിപ്പൽ കൗൺസിലുകളിലെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും സ്ത്രീകൾക്കും (പട്ടികജാതികളിലെയും പട്ടികവർഗ്ഗങ്ങളിലെയും സ്ത്രീകൾ ഉൾപ്പെടെ), പട്ടികജാതിക്കാർക്കും, പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്കും, പട്ടികവർഗ്ഗക്കാർക്കും, പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും യഥാക്രമം താഴെ പട്ടികയിലെ (3), (4), (5), (6), (7), (8) എന്നീ കോളങ്ങളിൽ പറഞ്ഞിട്ടുള്ള പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നു.

33/4086/2009/DTP.

<u>പട്ടിക</u>

## മുനിസിപ്പൽ കോർപ്പറേഷൻ

| ക്രമനമ്പർ | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതിയിലും പട്ടിക വർഗ്ഗത്തിലും ഉൾപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ; സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | കൊല്ലം | 55 | 28 | 4 | 2 | .. | .. |
| 2 | കൊച്ചി | 74 | 37 | 3 | 2 | .. | .. |
| 3 | തൃശ്ശൂർ | 56 | 28 | 4 | 2 | .. | .. |

## മുനിസിപ്പൽ കൗൺസിൽ

| ക്രമനമ്പർ | മുനിസിപ്പൽ കൗൺസിലിന്റെ പേര് | നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ട സ്ഥാനങ്ങളുടെ എണ്ണം | സ്ത്രീകൾക്ക് (പട്ടികജാതിയിലും പട്ടിക വർഗ്ഗത്തിലും ഉൾപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികജാതിക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികജാതികളിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം | പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം (പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ ഉൾപ്പെടെ) | പട്ടികവർഗ്ഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | നെയ്യാറ്റിൻകര | 44 | 22 | 5 | 3 | .. | .. |
| 2 | നെടുമങ്ങാട് | 38 | 20 | 4 | 2 | .. | .. |
| 3 | ആറ്റിങ്ങൽ | 31 | 16 | 3 | 2 | .. | .. |
| 4 | വർക്കല | 33 | 17 | 5 | 3 | .. | .. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 5 | പരവൂർ | 32 | 16 | 4 | 2 | .. | .. |
| 6 | പുനലൂർ | 35 | 18 | 3 | 2 | .. | .. |
| 7 | അടൂർ | 28 | 14 | 3 | 2 | .. | .. |
| 8 | പത്തനംതിട്ട | 32 | 16 | 3 | 2 | .. | .. |
| 9 | തിരുവല്ല | 39 | 20 | 3 | 2 | .. | .. |
| 10 | കായംകുളം | 44 | 22 | 3 | 2 | .. | .. |
| 11 | മാവേലിക്കര | 28 | 14 | 4 | 2 | .. | .. |
| 12 | ചെങ്ങന്നൂർ | 27 | 14 | 3 | 2 | .. | .. |
| 13 | ആലപ്പുഴ | 52 | 26 | 1 | .. | .. | .. |
| 14 | ചേർത്തല | 35 | 18 | 1 | .. | .. | .. |
| 15 | ചങ്ങനാശ്ശേരി | 37 | 19 | 3 | 2 | .. | .. |
| 16 | വൈക്കം | 26 | 13 | 2 | 1 | .. | .. |
| 17 | പാല | 26 | 13 | 1 | .. | .. | .. |
| 18 | തൊടുപുഴ | 35 | 18 | 2 | 1 | .. | .. |
| 19 | മൂവാറ്റുപുഴ | 28 | 14 | 2 | 1 | .. | .. |
| 20 | കോതമംഗലം | 31 | 16 | 2 | 1 | .. | .. |
| 21 | പെരുമ്പാവൂർ | 27 | 14 | 2 | 1 | .. | .. |
| 22 | ആലുവ | 26 | 13 | 1 | .. | .. | .. |
| 23 | കളമശ്ശേരി | 42 | 21 | 4 | 2 | .. | .. |
| 24 | പറവൂർ നോർത്ത് | 29 | 15 | 1 | .. | .. | .. |
| 25 | അങ്കമാലി | 30 | 15 | 1 | .. | .. | .. |
| 26 | ചാലക്കുടി | 36 | 18 | 2 | 1 | .. | .. |
| 27 | കുന്നംകുളം | 37 | 19 | 4 | 2 | .. | .. |
| 28 | ചാവക്കാട് | 32 | 16 | 2 | 1 | .. | .. |
| 29 | ഷൊർണ്ണൂർ | 33 | 17 | 7 | 4 | .. | .. |
| 30 | ഒറ്റപ്പാലം | 36 | 18 | 3 | 2 | .. | .. |
| 31 | പാലക്കാട് | 52 | 26 | 4 | 2 | .. | .. |
| 32 | ചിറ്റൂർ-തത്തമംഗലം | 29 | 15 | 4 | 2 | .. | .. |
| 33 | തിരൂർ | 38 | 19 | 2 | 1 | .. | .. |
| 34 | പെരിന്തൽമണ്ണ | 34 | 17 | 4 | 2 | .. | .. |
| 35 | മലപ്പുറം | 40 | 20 | 2 | 1 | .. | .. |
| 36 | മഞ്ചേരി | 50 | 25 | 4 | 2 | .. | .. |
| 37 | പൊന്നാനി | 51 | 26 | 3 | 2 | .. | .. |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 38 | വടകര | 47 | 24 | 1 | .. | .. | .. |
| 39 | കൊയിലാണ്ടി | 44 | 22 | 3 | 2 | .. | .. |
| 40 | കൽപ്പറ്റ | 28 | 14 | 2 | 1 | 3 | 2 |
| 41 | കണ്ണൂർ | 42 | 21 | 3 | 2 | .. | .. |
| 42 | തളിപ്പറമ്പ് | 44 | 22 | 2 | 1 | .. | .. |
| 43 | കൂത്തുപറമ്പ് | 28 | 14 | 1 | .. | .. | .. |
| 44 | തലശ്ശേരി | 52 | 26 | 1 | .. | .. | .. |
| 45 | മട്ടന്നൂർ | 34 | 17 | 1 | .. | .. | .. |
| 46 | പയ്യന്നൂർ | 44 | 22 | 2 | 1 | .. | .. |
| 47 | കാഞ്ഞങ്ങാട് | 43 | 22 | 1 | .. | .. | .. |
| 48 | കാസർഗോഡ് | 38 | 19 | 1 | .. | .. | .. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിലേക്ക്/മുനിസിപ്പൽ കോർപ്പറേഷനിലേക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് (2009-ലെ 30-ാം ആക്ട്) പ്രകാരം മുനിസിപ്പൽ കൗൺസിലിലെ അംഗസംഖ്യ കുറഞ്ഞത് 22-ൽ നിന്നും 25 ആയും പരമാവധി 50-ൽ നിന്നും 52 ആയും മുനിസിപ്പൽ കോർപ്പറേഷനുകളിലേത് കുറഞ്ഞത് 52-ൽ നിന്നും 55 ആയും, പരമാവധി 100 ആയും നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണവും, സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണവും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.